നെയ്യാറിൻകര താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—കള്ളിക്കാട്
വിസ്തീർണ്ണം—11196.41 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—കരിംകുളം
വിസ്തീർണ്ണം—1279.1635 ഹെക്ടർ

ചിറയിൻകീഴ് താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—നാവായിക്കുളം
വിസ്തീർണ്ണം—2823.5 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—കിഴാറ്റിങ്ങൽ
വിസ്തീർണ്ണം—768.94 ഹെക്ടർ

(ബി) മറ്റു ജില്ലകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ശമ്പളം കിട്ടിയിട്ടില്ലെന്ന പരാതി

1274 [2050] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കാഫീസിലെ സൂപ്പർ ന്യൂമററി ചെയിൻമാൻമാർക്ക് 1978 സെപ്റ്റംബർ 1 മുതൽ 28-2-1979 വരെയുള്ള കാലത്തേക്ക് ശമ്പളം കിട്ടിയിട്ടില്ലെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശമ്പളം കിട്ടാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) താഴ്ന്ന വരുമാനക്കാരായ ഈ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുവേണ്ട സത്വരനടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജോലി തീർന്നതുമൂലം നിർത്തലാക്കപ്പെട്ട ചില തസ്തികകൾ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കപ്പെടുന്ന നടപടിയിൽ കാലതാമസം വന്നതുകൊണ്ട് ശമ്പളം കിട്ടാൻ താമസമുണ്ടായി.

(സി) ശമ്പളം ലഭിക്കുന്നതിനുവേണ്ട ഉത്തരവ് 20-3-1979-ൽ ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുണ്ട്.

കമ്പാർട്ടുമെൻറൽ സിസ്റ്റം അനുസരിച്ച് എസ്. എസ്. എൽ. സി. പാസായവർ

1275 [2052] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പാർട്ടുമെൻറൽ സിസ്റ്റം അനുസരിച്ച് എസ്. എസ്. എൽ. സി. പാസായ എത്രപേർ കേരളത്തിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly